മർക്കോ. 8:31-9:1

**നോമ്പ് ആറാം ഞായർ**

**2024 മാർച്ച് 17**

**ഫാ. പോൾ മോറേലി**

വചനഭാഷ്യം

# കുരിശുവഹിക്കേണ്ട ശിഷ്യത്വം

പീഡാനുഭവത്തേയും ഉത്ഥാനത്തേയും കുറിച്ച് യേശുവിന്റെ ഒന്നാം പ്രവചനം സമാന്തര സുവിശേഷങ്ങളിൽ മർക്കോ. 8:31-9:1; മത്താ. 16:21-22; ലൂക്കാ 9:22-27 എന്നിവിടങ്ങളിൽ ആണ്.

കേസറിയാ ഫിലിപ്പിയിൽ വച്ചുള്ള പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനുശേഷം (മർക്കോ 8:27-30), യേശു തന്റെ പീഡാനുഭവത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും (v.31) പ്രവചിക്കുന്നതും അതിനു തടസ്സം പറയുന്ന പത്രോസിനെ ശാസിക്കുന്നതും (vv. 32-33), തുടർന്ന് തന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവർ ചെയ്യേണ്ടുന്ന സ്വയം പരിത്യാഗത്തിന്റെ കുരിശെടുക്കലിന്റെ ആവശ്യകതയെക്കുറിച്ചും (vv. 34-38), അങ്ങനെ കുരിശുവഹിക്കുന്നവർ ദർശിക്കാൻ പോകുന്ന ദൈവരാജ്യത്തെക്കുറിച്ചു(9:1)മാണ് മർക്കോസിന്റെ സുവിശേഷത്തിലെ 8:31-9:1-ൽ വിവരിച്ചിരിക്കുന്നത്. യേശുവിന്റെ ഈ സഹനപ്രവചനം 9:30-37 ലും, 10:32-45 ലും മർക്കോസ് സുവിശഷകൻ ആവർത്തിക്കുന്നുണ്ട്.

കുരിശെടുത്തുകൊണ്ട് തന്നെ അനുഗമിക്കാനുള്ള യേശുവിന്റെ ക്ഷണം (v. 34) ചില സുവിശേഷ വ്യാഖ്യാതാക്കളെ സംബന്ധിച്ചിടത്തോളം സ്വയ പരിത്യാഗത്തിന്റെയും (self denial), സ്വയം ബലിയുടെയും (self sacrifice) അനുഭവമാണ്. മറ്റ് ചില വ്യാഖ്യാതക്കൾ, ജീവിതത്തിന്റെ എടുക്കാനാകാത്ത ഭാരങ്ങളെയാണ് ഈ കുരിശായി ചിത്രീകരിക്കുന്നത്. ഈ കുരിശുയാത്ര "to deny our own ambittions and interests" എന്നാണ് Sherman Johnson എഴുതുന്നത്. "കഴുമരത്തിലേക്ക് നടന്നു നീങ്ങുന്ന മനുഷ്യരെപ്പോലെ ജീവിക്കാനുള്ള തീരുമാനമായി" - ഈ ശിഷ്യത്വത്തെ A.M. Hunter പ്രതിപാദിക്കുന്നു. ഈ ജീവിതം, എല്ലാം ഉച്ഛിഷ്ടംപോലെ കണ്ട പൗലോസ് ശ്ലീഹായെന്ന യഥാർത്ഥ മിഷനറിയുടെ ജീവിതം പോലെയാകണം എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഇത് പുറകോട്ട് നോക്കാനുള്ളതല്ല, മറിച്ച് ദൈവഹിതം തേടി, കുരിശിൽ തന്നെത്തന്നെ സമർപ്പിച്ച്, മുന്നോട്ടുള്ള യാത്രയാണിത്. ഈ സ്വയം ത്യജിക്കലും കുരിശു ചുമക്കലും ഒരുവന്റെ സ്വാർത്ഥ താത്പര്യങ്ങളുടെയും, ലോകസുരക്ഷിതത്വത്തിന്റെയും ഉപേക്ഷിക്കലായാണ് Hugh Anderson കാണുന്നത്. ഈ കുരിശു ചുമക്കൽ രക്തസാക്ഷിത്വം വഹിക്കാനുള്ള സന്നദ്ധതയായാണ് Cranfield കാണുന്നതാണ്.

സ്വർഗരാജ്യത്തിൽ പ്രവേശിക്കാനുള്ള യോഗ്യത യേശു മാർഗത്തോടുള്ള സമ്പൂർണ്ണ വിധേയത്വവും സമർപ്പണവുമാണ്. സഹിക്കുന്ന മിശിഹാ (Suffering Messiah) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, സഹിക്കുന്ന ക്രിസ്തു സമൂ

വചനധാര

ഹവുമാണ് (a suffering Messianic community). അതിനാൽ കുരിശുവഹിച്ച് പിൻചെല്ലുക എന്നത്, അതിന്റെ പ്രഥമ സാഹചര്യത്തിൽ, യേശുവിനോടൊപ്പം ജെറുസലേം മലയിൽ വച്ച് മരിക്കുക എന്നു തന്നെയാണ് അർത്ഥമാക്കിയത് (Earle Ellison). ഇത് സുവിശേഷത്തിന് തങ്ങളെത്തന്നെ സമർപ്പിക്കാനുള്ള ക്ഷണമാണ്. Jesus is telling those who follow him actively to take up their crosses, to seek them out, to carry them as Jesus willingly carried his (Bishop Robert Barron). ✦